Cir. No: BE -162/2018


هيئة التعليم السنية بعموم كيرلا

# SAMASTHA KERALA SUNNI VIDYABHYASA BOARD

SAMASTHA CENTRE, MARKAZ COMPLEX ROAD, CALICUT - 6

PH: 0495 - 2772840,41 Email: sksvb@ymail.com, Web: samastha.in


**(പരീക്ഷാ വിഭാഗം)**

---

**മദ്റസാ മാനേജിംഗ് കമ്മിറ്റി,സ്വദർ മുഅല്ലിം,റെയിഞ്ച് ഭാരവാഹികൾ എന്നിവരെ അറിയിക്കുന്നത്**

## അധീഷണൽ പൊതുപരീക്ഷ - 2019 മാർച്ച്

സമസ്ത കേരള സുന്നി വിദ്യാഭ്യാസ ബോർഡ് അംഗീകരിച്ച മദ്റസകളിലെ V, VII, X, +2 ക്ലാസുകളിലെ പൊതുപരീക്ഷ 2019 മാർച്ച് 30, 31 (ശനി, ഞായർ) തിയ്യതികളിൽ താഴെ ചേർത്ത ടൈംടേബിൾ പ്രകാരം നടത്തപ്പെടുന്നതാണ്. അംഗീകാരമില്ലാത്ത മദ്റസകളിൽ പൊതുപരീക്ഷ നടത്തപ്പെടുന്നതല്ല.

### പരീക്ഷാ ടൈംടേബിൾ

| തിയ്യതി | സമയം | V | VII | X | +2 |
|---|---|---|---|---|---|
| 30-03-2019 ശനി | 09.00 am to 11.00 am | الفقه | العقائد | التاريخ | تفسير القران والتصوف (معالم الطلاب) |
| 30-03-2019 ശനി | 1.30 pm to 03.30 pm | الأخلاق والتجويد | الفقه | – | |
| 31-03-2019 ഞായർ | 08.00 am to 10.00 am | العقائد | التاريخ | تزكية الولدان | الفقه (معالم الطلاب) |
| 31-03-2019 ഞായർ | 11.00 am to 01.00 pm | التاريخ | تزكية الولدان | الفقه | |

പൊതുപരീക്ഷക്ക് ഓൺലൈനിൽ കുട്ടികളുടെ പേർ റജിസ്റ്റർ ചെയ്യുന്നതിന് www.samastha.in എന്ന വെബ് സൈറ്റിൽ പ്രവേശിച്ച് Student Registration ക്ലിക്ക് ചെയ്യുക ഇംഗ്ലീഷ് മീഡിയം, ബോർഡിംഗ്, ജനറൽ ഇതിൽ ഏത് വിഭാഗത്തിലെന്ന് സെലക്ട് ചെയ്ത് നിങ്ങളുടെ മദ്റസക്ക് വിദ്യാഭ്യാസ ബോർഡിൽ നിന്ന് റെയിഞ്ച് മുഖേന ലഭിച്ച User Name, Password എന്നിവ ടൈപ്പ് ചെയ്ത് പേജ് തുറക്കുക. അതിൽ ആവശ്യപ്പെടുന്ന മദ്റസയുടെ അടിസ്ഥാന വിവരങ്ങളായ പാഠപുസ്തകം ( അറബി മലയാളം, കന്നഡ, ഉർദു, തമിഴ്, അറബി തമിഴ്, ഇംഗ്ലീഷ് ) ഏതാണോ പഠിപ്പിക്കുന്നതെന്ന് സെലക്ട് ചെയ്യുക. സ്വദർ മുഅല്ലിമിന്റെ പേര്, മൊബൈൽ നമ്പർ, ഇമെയിൽ ഐഡി, എന്നിവ എന്റർ ചെയ്ത് സേവ് ചെയ്യുക. പിന്നീട് Student ൽ പോയി Add Student ക്ലിക്ക് ചെയ്യുക. ശേഷം ഏതു ക്ലാസിലാണ് എന്ന് ടിക്ക് ചെയ്ത് മദ്ഹബ് (ശാഫി, ഹനഫി) സെലക്ട് ചെയ്ത് കുട്ടികളുടെ പേരു വിവരങ്ങൾ (അഡ്മിഷൻ നമ്പർ, പ്രവേശന തിയ്യതി, കുട്ടിയുടെ പേരും ഇനീഷ്യലും, ജനന തിയ്യതി, പിതാവിന്റെ പേര്, എത്രാംവർഷം എന്നിവ ഇംഗ്ലീഷിൽ മാത്രം ടൈപ്പ് ചെയ്ത് **(അറബിയിൽ ചെയ്യേണ്ടതില്ല)** SAVE ചെയ്യുക. ഇതു പോലെ മദ്റസയിലെ എല്ലാ കുട്ടികളുടെയും പേർ എന്റർ ചെയ്യുക. Student List ഓപ്പൺ ചെയ്ത് എന്റർ ചെയ്തതിൽ വല്ല തെറ്റുകളും ഉണ്ടോ എന്ന് പരിശോധിച്ച് തിരുത്താവുന്നതാണ്. **ഓൺലൈനിൽ എന്റർ ചെയ്യാത്ത അപേക്ഷ സ്വീകരിക്കുന്നതല്ല.**

ഓരോ ക്ലാസിന്റെയും അപേക്ഷയുടെ രണ്ട് കോപ്പി പ്രിന്റ് എടുത്ത് ഒരു കോപ്പി മദ്റസാ ഫയലിൽ സൂക്ഷിക്കണം. (Download ൽ ക്ലിക്ക് ചെയ്താണ് പ്രിന്റെടുക്കേണ്ടത്) അപേക്ഷാ ഫോറത്തിന്റെ രണ്ടാമത്തെ കോപ്പിയിൽ സ്വദർ മുഅല്ലിം, സ്കൂൾ മാനേജർ, ക്ലാസ് മുഅല്ലിം എന്നിവർ ഒപ്പും സീലും വെച്ച് ഫീസ് (ഒരു കുട്ടിക്ക് 150 രൂപ) സഹിതം 10-12-2018ന് മുമ്പായി റെയിഞ്ച് പരീക്ഷാ സെക്രട്ടറിയെ ഏൽപ്പിക്കണം. ഒരു ക്ലാസിൽ തന്നെ ഒന്നിൽ അധികം ഭാഷകളിലുള്ള ക്വസ്റ്റ്യൻ പേപ്പർ ആവശ്യമുള്ളവർ അപേക്ഷാ ഫോറത്തിൽ നിർദ്ദേശിക്കപ്പെട്ട സ്ഥലത്ത് പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. ഫീസടച്ചതിനുള്ള റസിപ്റ്റ് റെയിഞ്ച് പരീക്ഷാ സെക്രട്ടറിയിൽ നിന്ന് പിന്നീട് ലഭിക്കുന്നതാണ്.

റെയിഞ്ചു മുഖേന അല്ലാതെ ലഭിക്കുന്ന അപേക്ഷകൾ ഓഫീസിൽ സ്വീകരിക്കുന്നതല്ല. കന്നഡ, ഉർദു, തമിഴ്, അറബി തമിഴ് പാഠ പുസ്തകം പഠിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും ശാഫി, ഹനഫി എന്നീ വിവരങ്ങളും അപേക്ഷാ ഫോറത്തിൽ അതാതിന്റെ കോള ങ്ങളിൽ വന്നിട്ടുണ്ടോ എന്ന് ശ്രദ്ധിക്കണം. അപേക്ഷ അയച്ച ശേഷം യാതൊരു ഭേദഗതിയും അനുവദിക്കുന്നതല്ല.

10ൽ കുറഞ്ഞ അപേക്ഷകരുള്ള മദ്റസ സെന്ററായി അനുവദിക്കണമെങ്കിൽ 1500 രൂപ അടക്കണം. സെന്ററായി ഉദ്ദേശിക്കുന്ന സ്ഥാപനത്തിന്റെ പേരും സ്ഥലവും അംഗീകരണ നമ്പറും പ്രിന്റെടുത്ത ഫോറത്തിൽ ചുകപ്പു മഷിയിൽ രേഖപ്പെടുത്തണം പ്രസ്തുത സ്ഥാപനത്തിലെ സ്വദ്ർ മുഅല്ലിമിന്റെ സമ്മത പത്രം അപേക്ഷാ ഫോറത്തിന്റെ കൂടെ വെക്കേണ്ടതുമാണ്.

ഫീസടച്ച ശേഷം ഏതെങ്കിലും കുട്ടി മദ്റസയിൽ നിന്ന് വിട്ടു പോയാൽ പ്രസ്തുത വിവരം 2019 ഫെബ്രുവരി 15നു മുമ്പായി രേഖാ മൂലം ഓഫീസിൽ ലഭിച്ചിരിക്കണം.

പൊതു പരീക്ഷാ സംബന്ധമായ എല്ലാ എഴുത്തിടപാടുകളും താഴെ കാണിച്ച വിലാസത്തിൽ മാത്രമായിരിക്കേണ്ടതാണ്. കാര്യക്ഷമമായ പരീക്ഷാ നടത്തിപ്പിന് പ്രസ്തുത നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കണമെന്നഭ്യർത്ഥിക്കുന്നു.

ഒരു ക്ലാസിലെ മുഴുവൻ കുട്ടികളും മുഴുവൻ വിഷയങ്ങളിലും A+ നേടിയാൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് ബോർഡിന്റെ അഭിനന്ദന പത്രം ലഭിക്കുന്നതാണ് (അഞ്ചിൽ 5 കുട്ടികളും, ഏഴിൽ 5 കുട്ടികളും പത്തിൽ 3 കുട്ടികളും പന്ത്രണ്ടിൽ 3 കുട്ടികളും ഉണ്ടായിരിക്കണം)

**ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ: 09496459244, 09562616732**

ചെയർമാൻ (പരീക്ഷാ വിഭാഗം)
സുന്നി വിദ്യാഭ്യാസ ബോർഡ്,
സമസ്ത സെന്റർ, കോഴിക്കോട് - 673006

കോഴിക്കോട്
01-10-2018